**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 518** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>കിഫ്ബി മുഖേന കുണ്ടൂർ തോട് നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. എ. മജീദ് ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** ബജറ്റിൽ കിഫ്ബി മുഖേന നവീകരിക്കുമെന്ന പ്രഖ്യാപനം നടത്തിയ തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം എന്ന പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കിയോ; ഇല്ലെങ്കിൽ എന്നേക്ക് ലഭ്യമാക്കാനാകും; വിശദമാക്കുമോ;

**<u>മറുപടി:</u>** 2016 - 17 ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പാക്കാൻ പ്രഖ്യാപിച്ച തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം എന്ന പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് 2020-ൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയ KIIDC സമർപ്പിക്കുകയും, സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധനയിൽ കിഫ്ബിയുടെ മാനദണ്ഡങ്ങൾ അനുസരിച്ചല്ലാത്തതിനാൽ ന്യൂനതകൾ പരിഹരിച്ച പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാൻ KIIDC-നോട് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി സെന്റർ ഫോർ മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റ് (CMD)-നെ KIIDC ഏൽപ്പിക്കുകയും ചെയ്തു. പുതുക്കിയ ഡി.പി.ആർ. അംഗീകാരത്തിനായി 3-10-2025 ൽ കിഫ്ബിയിൽ സമർപ്പിച്ചു, ആയതു കിഫ്ബിയിൽ പരിശോധനയിലാണ്. പരിശോധന പൂർത്തിയാക്കി കിഫ് ബോർഡിന്റെ അനുമതിക്കനുസൃതമായി ധനാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി)** പ്രസ്തുത പദ്ധതിയുടെ നിലവിലെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ നിലവിലെ എസ്റ്റിമേറ്റ് തുക 15.21 കോടി രൂപയാണ്.

**സെക്ഷൻ ഓഫീസർ**